I ഇ.ബി. XIII-കേരള നിയമസഭ/XV-9

## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 15, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

ബാർകോഴ സംബന്ധിച്ച ക്വിക്ക് വെരിഫിക്കേഷൻ

മി. സ്പീക്കർ: എക്സൈസ് വകുപ്പുമന്ത്രി ബാർ ഉടമകളിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന പരാതി സംബന്ധിച്ച് ഒരിക്കൽ അന്വേഷിച്ചതാണെന്ന സർക്കാർ വാദവും വിജിലൻസ് റിപ്പോർട്ടും തള്ളിക്കൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ നടത്താൻ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം JFCM-II കോടതിയിൽ ശ്രീ. ബിജു രമേശ് നൽകിയ മൊഴിയിൽ ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം പത്ത് കോടി രൂപ ബാർ അസോസിയേഷൻ ഭാരവാഹികൾ പലർക്കും നൽകിയതായുള്ള ആരോപണം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടപ്പോൾ പ്രാഥമികാന്വേഷണത്തിന് ഉത്തരവിടുകയും എറണാകുളം റെയ്ഞ്ച് വിജിലൻസ് ഡിവൈ.എസ്.പി.യെ അതിനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വ്യവസ്ഥാപിതമായ അന്വേഷണത്തിൽ നിയമാനുസരണം തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നടപടി അവസാനിപ്പിച്ചത്. ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മലയാളവേദി പ്രസിഡന്റ് തൃശ്ശൂർ വിജിലൻസ് കോടതിയിൽ നൽകിയ പരാതിയുടേയും ഒരു വാർത്താചാനലിലെ ബിജു രമേശുമായുള്ള അഭിമുഖത്തിന്റെ സി.ഡി. പരാതിയോടൊപ്പം

ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിലാണ് കോടതി ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിട്ടത്. വിജിലൻസ് റിപ്പോർട്ട് കോടതി പരിശോധിക്കാത്ത സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം കോടതി തള്ളി എന്ന വാദം ശരിയല്ല. കോടതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: എക്സൈസ് വകുപ്പുമന്ത്രി ബാർ ഉടമകളിൽ നിന്നും കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തി നിശ്ചിത തീയതിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിലൂടെ വിജിലൻസ് അന്വേഷണത്തിലെ പൊള്ളത്തരം വെളിച്ചത്തായിരിക്കുകയാണ്. അദ്ദേഹം മന്ത്രിയായിരിക്കുന്നിടത്തോളംകാലം അന്വേഷണം തൃപ്തികരമായി നടത്താൻ കഴിയില്ല എന്നതാണ് കോടതി ഉത്തരവിന്റെ സാരാംശം. ബാർകോഴ അന്വേഷണത്തിൽ ശ്രീ. കെ. എം. മാണിയുടെയും ശ്രീ. കെ. ബാബുവിന്റെയും കാര്യത്തിൽ വ്യത്യസ്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ വച്ച് മന്ത്രിക്ക് നേരിട്ട് കൈക്കൂലി കൊടുത്തുവെന്ന ശ്രീ. ബിജു രമേശിന്റെ ആരോപണം സംബന്ധിച്ച അന്വേഷണച്ചുമതല എറണാകുളം വിജിലൻസ് റെയ്ഞ്ചിനെ ഏൽപ്പിച്ച നടപടി

സംശയാസ്പദമാണ്. സർക്കാരിനെതിരായ അഴിമതിക്കേസുകൾ തങ്ങൾക്ക് വിധേയരായ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് അട്ടിമറിക്കുന്ന സമീപനമാണ് തുടർന്നുവരുന്നത്. ബാർകോഴ കേസിൽ ശ്രീ. കെ.എം. മാണിക്കെതിരായ ഹൈക്കോടതി പരാമർശം മന്ത്രിയായി തുടരുന്ന ശ്രീ. കെ. ബാബുവിനും ബാധകമാണ്. വിജിലൻസ് കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ എക്സൈസ് വകുപ്പുമന്ത്രി രാജി വയ്ക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: എക്സൈസ് വകുപ്പുമന്ത്രി കുറ്റക്കാരനാണെന്ന് വിജിലൻസ് കോടതി കണ്ടെത്തിയിട്ടില്ല. ഈ വിഷയത്തിൽ ഇരട്ട നീതി ഉണ്ടായിട്ടില്ല. പ്രാഥമിക അന്വേഷണത്തിൽ എല്ലാ സാക്ഷികളും ആരോപണം നിഷേധിച്ചതിനാലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ തീരുമാനിച്ചത്. ഏതുവിധത്തിലുള്ള അന്വേഷണവും നേരിടാൻ സർക്കാർ തയ്യാറാണ്. ശബ്ദരേഖ അടങ്ങിയ സി.ഡി.യിൽ ചില മോഡിഫിക്കേഷൻസ് നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് തെളിവായി സ്വീകരിക്കാതിരുന്നത്. 2016 ജനുവരി 23-നകം ഈ കേസിന്റെ അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതാണ്.

സത്യത്തെ സത്യമായും വസ്തുതകളെ വസ്തുതകളായും കാണാൻ പ്രതിപക്ഷം തയ്യാറാകണം. മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രഥമദൃഷ്ട്യാ കേസില്ലാത്തതിനാലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സി.ആർ.പി.സി. 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഞാൻ പണം വാങ്ങിയതായി പറഞ്ഞിട്ടുണ്ടെങ്കിൽ രാജി വയ്ക്കാൻ തയ്യാറാണ്. ഈ ആരോപണം വന്ന സന്ദർഭത്തിൽ എറണാകുളം അഡീഷണൽ ചീഫ് മജിസ്ട്രേറ്റ് കോടതിയിൽ ഞാൻ മാനനഷ്ട കേസ് കൊടുത്തപ്പോൾ ബിജു രമേശിന് ഈ കേസ്സ് തെളിയിക്കാനുള്ള അവസരം ഉണ്ടായിരുന്നെങ്കിലും ഹൈക്കോടതിയിലെ വിചാരണ സ്റ്റേ ചെയ്യുകയാണുണ്ടായത്. മൊഴികൾ നൽകിയപ്പോഴോ മീഡിയയിലൂടെ ചർച്ച ചെയ്തപ്പോഴോ പറയാതെ ബാർ ഹോട്ടലുകൾ പൂട്ടിയശേഷമാണ് എക്സൈസ് വകുപ്പുമന്ത്രി കോഴ വാങ്ങി എന്ന് ബിജു രമേശ് പറഞ്ഞത്. കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ സന്ദർഭത്തിൽ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

(1) കണ്ണൂർ വിമാനത്താവള നിർമ്മാണം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി റൺവേ, ടെർമിനലുകൾ, ടാക്സിബേ എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി വിമാനത്താവളം പ്രവർത്തന സജ്ജമാക്കുന്നതിനും അനുബന്ധ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ് പദ്ധതികളിലൊന്നായ കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിക്ക് ആവശ്യമായ 2200 ഏക്കർ ഭൂമിയിൽ 1891.01 ഏക്കർ ഭൂമി റവന്യൂ വകുപ്പും

നോഡൽ ഏജൻസിയായ കിൻഫ്രയും ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. 1892 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിക്കായി ആയിരം കോടി രൂപ ഓഹരി മൂലധനമായും 892 കോടി രൂപ ബാങ്ക് വായ്പയുമായാണ് സമാഹരിക്കുന്നത്. കാനറാ ബാങ്കിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യവുമായി ബന്ധപ്പെട്ട് 892 കോടി രൂപയുടെ വായ്പ സംബന്ധിച്ച ധാരണാ പത്രം 21-5-2015-ൽ ഒപ്പുവച്ചു. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട രണ്ട് പ്രധാന കരാറുകൾ L&T കമ്പനിക്ക് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ നൽകുകയുണ്ടായി. റൺവേ പ്രവർത്തനങ്ങളുടെ 65 ശതമാനവും ടെർമിനൽ പ്രവൃത്തികളുടെ 55 ശതമാനവും ഇതിനകം പൂർത്തിയായി. ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. മെറ്റീരിയോളജിക്കൽ സേവനങ്ങൾക്കായി കേന്ദ്ര മെറ്റീരിയോളജി വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. പരീക്ഷണ പറക്കൽ 2016 ജനുവരി മാസത്തിൽ സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കണ്ണൂർ-മട്ടന്നൂർ റെയിൽപാതയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്ന നിവേദനം കേന്ദ്ര റയിൽവേ വകുപ്പുമന്ത്രിക്ക് നൽകിയിട്ടുണ്ട്. ഗ്രീൻഫീൽഡ് റോഡിന്റെ സർവ്വേ നടത്തുന്നതിനാവശ്യമായ നടപടികൾ

പൂർത്തീകരിക്കാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആസ്ട്രേലിയയിൽ വച്ച് വിമാന കമ്പനികളുമായി നടത്തിയ ചർച്ചയിൽ പല വിമാനകമ്പനികളും സംസ്ഥാനത്ത് സർവ്വീസ് നടത്താൻ തയ്യാറാണെന്ന് അറിയിച്ചു. റൺവേ 3400 മീറ്റർ ആക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് ഈ റൺവേ പര്യാപ്തമാണ്.

(2) കയർമേഖല നേരിടുന്ന പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സംസ്ഥാനത്ത് കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കയർ വ്യവസായത്തെ ആധുനികവത്കരിക്കണം. ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയും തൊഴിലും സംരക്ഷിക്കുന്നതുൾപ്പെടെ എല്ലാ പരമ്പരാഗത മേഖലകൾക്കും സംരക്ഷണം നൽകുന്ന ഒരു നയം ആവിഷ്ക്കരിക്കണം. പിരിച്ച കയർ സംഭരിക്കപ്പെടാത്തതിനാലും ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കാൻ സാധിക്കാത്തതിനാലും കയർ വ്യവസായം നഷ്ടത്തിലായിരിക്കുന്നതിനാൽ അടിയന്തരമായി വില നിർണ്ണയിച്ച് കയർ സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പച്ചതൊണ്ടിൽ നിന്ന് ചകിരി എടുത്താൽ മാത്രമേ സബ്സിഡി നൽകുകയുള്ളു എന്നതിനാൽ തൊണ്ട്

സംഭരണം ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുകയും തൊണ്ട് തല്ലുന്ന യന്ത്രവും കയർ പിരി യന്ത്രവും നൽകി ഈ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യങ്ങൾ നൽകുന്നതിനായി 1,65,00,000 രൂപ അനുവദിക്കുകയും നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ട് 102.79 ലക്ഷം രൂപയുടെ പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കയർമേഖലയിലെ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ 2013-14-ൽ 4.86 കോടി രൂപ സബ്സിഡി നൽകുകയും കയർഫെഡ് 59,790 ക്വിന്റൽ ചകിരി വാങ്ങി സംഘങ്ങൾക്ക് നൽകുകയും ചെയ്തതിലൂടെ ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാനും ചകിരിവില കിലോയ്ക്ക് 17 രൂപയായി കുറയ്ക്കുവാനും സാധിച്ചു. പുനരുദ്ധാരണ പദ്ധതി പ്രകാരം അർഹമായ എല്ലാ സംഘങ്ങൾക്കും 2011 മുതൽ

2015 വരെ കോടിക്കണക്കിന് രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. കയർപിരി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ഫണ്ട് അനുവദിക്കുകയും കയർ ഡീഫൈബറിംഗ് മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും ചെയ്തു. കയർപിരി-കയറുൽപ്പന്ന മേഖലകളിലെ കുറഞ്ഞകൂലി യഥാക്രമം 300 രൂപയായും 500 രൂപയായും വർദ്ധിപ്പിക്കുകയും കയർ സംഘങ്ങളിൽ നിന്ന് കയർ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. കയർ സംഭരണത്തിന് കയർഫെഡിന്റെ പ്രവർത്തന മൂലധനമായി 18.537 കോടി രൂപ അനുവദിക്കുകയും കയർ വില സ്ഥിരതാ പദ്ധതി പ്രകാരമുള്ള ടേൺഓവർ വർദ്ധിപ്പിക്കുകയും കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ആധുനിക രീതിയിലുള്ള കയർ മെഷിനറി ഫാക്ടറി ആരംഭിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളിലെയും കയർ ഫെഡിന്റെയും ആഭ്യന്തര വിദേശവിപണനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കടാശ്വാസ പദ്ധതിയിൻകീഴിൽ ആറു മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെറുകിട ഉൽപ്പാദകസംഘങ്ങൾക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ സംഭരിച്ച് നൽകുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന

മൂലധനം നൽകുകയും ചെയ്തിട്ടുണ്ട്. കയർ കടാശ്വാസ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആധുനികവത്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഡീഫൈബറിംഗ് മെഷീൻ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉൾപ്പെടെയുള്ളവ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം നടത്തി തൊഴിലവസരങ്ങൾ നൽകുന്ന സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി രണ്ട് ലക്ഷം രൂപ നൽകി കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. വില നിർണ്ണയ കമ്മിറ്റി വിളിച്ചുചേർക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും സംഘങ്ങൾക്കുള്ള കുടിശ്ശിക നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## സബ്മിഷൻ

(1) <u>പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ ഏറ്റെടുക്കൽ</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): കേരളത്തിൽ ആരോഗ്യമേഖലയിലെ കെടുകാര്യസ്ഥത അവസാനിപ്പിക്കുന്നതിനും പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനും പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ജില്ലാ ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജാക്കി ഉയർത്തുന്നതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നിലവിലുണ്ടായിരുന്ന അഞ്ച് മെഡിക്കൽ കോളേജുകൾ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പാലക്കാട്ടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും കൊച്ചി മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജിൽ എസ്.സി. വിഭാഗത്തിന് മാത്രമായി 70 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരത്തും കോന്നിയിലും മെഡിക്കൽ കോളേജുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹരിപ്പാട് പി.പി.പി. മോഡൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ച് സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി വരുന്നു. ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകൾക്കായി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ വ്യവസ്ഥകൾക്കനുസരിച്ചുള്ള തസ്തികകൾ

സൃഷ്ടിച്ച് നിയമനങ്ങൾ നടന്നുവരുന്നു. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന കാര്യം അടുത്ത ക്യാബിനറ്റ് യോഗത്തിൽ പരിഗണിക്കുന്നതാണ്. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോൾ 1850 സീറ്റിൽ കൂടുതൽ അഡ്മിഷൻ കൊടുക്കാൻ സാധിക്കും. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബായി കേരളത്തെ മാറ്റുന്നതിനുള്ള ഫണ്ടും ആവശ്യമായ ജീവനക്കാരെയും അനുവദിച്ചിട്ടുണ്ട്.

(2) <u>പ്രകൃതിക്ഷോഭത്തിനുള്ള മുൻകരുതലുകൾ</u>

<u>ശ്രീ. സി. എഫ്. തോമസ്</u>: ദക്ഷിണേന്ത്യയിൽ പ്രകൃതിക്ഷോഭം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന യു.എൻ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഏപ്രിൽ 22-ന് പുറപ്പെടുവിച്ച ആദ്യഘട്ട കാലാവസ്ഥാ പ്രവചനത്തിൽ ഇന്ത്യയിൽ ലഭിക്കേണ്ട ശരാശരി മഴയുടെ 93 ശതമാനമായിരിക്കും ലഭിക്കാൻ സാധ്യതയെന്നും പെസഫിക് മഹാസമുദ്രത്തിൽ താരതമ്യേന ശക്തികുറഞ്ഞ എൽ നിനോ അവസ്ഥ നിലനിൽക്കുന്നുവെന്നും അറിയിച്ചിരുന്നു. പ്രസ്തുത പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ 26.5.2015-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി

ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇക്കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരികയാണ്.

(3) ബസ് അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം

ശ്രീ. ഇ. പി. ജയരാജൻ: മലപ്പുറം ഐക്കരപ്പടിയിൽ 23.11.2015-ന് ഉണ്ടായ ബസ് അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം അഞ്ച് ലക്ഷം രൂപയായി ഉയർത്തുകയും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും ധനസഹായം നൽകുകയും കൊണ്ടോട്ടി പോലീസിന്റെ ഭാഗത്തുനിന്നുമുള്ള അനാസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേസിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാത്തവിധത്തിലുള്ള നടപടിയുണ്ടാകും. മരിച്ചവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ നൽകാനും പരിക്കേറ്റവരുടെ ചികിത്സാ ചെലവ് വഹിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഓരോരുത്തരുടെയും ചികിത്സാ ചെലവ് കണക്കാക്കാനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാധാരണഗതിയിൽ 2 ലക്ഷം രൂപയാണ് മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്നത്. അതിനപ്പുറം എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) ചാലക്കുടി താലൂക്ക് ഓഫീസ് രൂപീകരണം

ശ്രീ. ബി. ഡി. ദേവസ്സി: താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട വിവിധ ഓഫീസുകൾ ചാലക്കുടി താലൂക്കിൽ അനുവദിക്കുന്നതിനും വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് അനുമതി നൽകിയ സ്ഥലത്ത് പുതിയ താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്നതിനും ബാക്കി സ്ഥലം മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചാലക്കുടി താലൂക്ക് ഓഫീസിനുവേണ്ടി 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഫണ്ടിന്റെ പരിമിതി കാരണം പ്ലാനിംഗ് ബോർഡിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. ഫണ്ടും ഭരണാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

(5) ടോൾ നൽകുന്നതിൽനിന്നും പഞ്ചായത്തുകളെ ഒഴിവാക്കൽ

ശ്രീ. എ. എം. ആരിഫ്: കുമ്പളം പാലത്തിൽ ടോൾ നൽകുന്നതിൽനിന്നും അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 1956-ലെ

നാഷണൽ ഹൈവേ ആക്ട് സെക്ഷൻ 8A, 2008-ലെ നാഷണൽ ഹൈവേ ഫീ (ഡിറ്റർമിനേഷൻ ഓഫ് റേറ്റ്സ് ആന്റ് കളക്ഷൻസ്) റൂൾ എന്നിവ പ്രകാരമാണ് ടോൾ പിരിക്കുന്നത്. ഇക്കാര്യത്തിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്കും സമീപവാസികൾക്കും കൺസെഷൻ നൽകണമെന്ന് സർക്കാർ ആവശ്യപ്പെടാറുണ്ട്. കുമ്പളം പാലത്തിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുടെ വാണിജ്യ ആവശ്യത്തിനല്ലാത്ത വാഹനങ്ങൾക്ക് പ്രതിമാസം 230 രൂപ ടോളിൽ ഇളവ് നൽകുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. അത് കിട്ടുന്നില്ലെങ്കിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. റ്റി. വി. രാജേഷ്: കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി 5.86 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ട

പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുന്നതാണ്.

(7) കരുനാഗപ്പള്ളി സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച സർക്കാർ ആർട്സ് കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ക്ലാസ്സുകൾ നടത്തുവാൻ അനുയോജ്യമായ കെട്ടിടം താൽക്കാലികമായി കണ്ടെത്തി സർക്കാരിനെ അറിയിക്കുന്നതിനും കത്തുമുഖേന കരുനാഗപ്പള്ളി എം.എൽ.എ.-യോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നുവെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന് 06.10.2015-ന് ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുവെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തെത്തുടർന്ന് മാറ്റിവയ്ക്കുകയാണുണ്ടായത്. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇത് പരിഗണിക്കുന്നതാണ്.

(8) അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കൽ

ശ്രീ. കെ. എസ്. ശബരീനാഥൻ: തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകളിലൊന്നായ അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യം നീക്കം ചെയ്ത് ഡാമിന്റെ ആഴം കൂട്ടുവാനും മലിനീകരണം നിയന്ത്രിക്കുവാനും ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. റിസർവോയറിൽ അടിഞ്ഞുകൂടിയിരിക്കുന്ന പായലും മറ്റും അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(9) പുല്ലൂർ കശുവണ്ടി ഫാക്ടറി

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പുല്ലൂർ കശുവണ്ടി ഫാക്ടറി അടിയന്തരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള പല ഫാക്ടറികളും കഴിഞ്ഞ ഏതാനും മാസങ്ങളായി അടച്ചിട്ടിരിക്കുകയാണ്. ജനുവരി മാസത്തിനകം അവ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### (10) C-APT-നെ അഴിമതി മുക്തമാക്കൽ

ശ്രീ. ബി. സത്യൻ: C-APT-ലെ എം.ഡി-യെ സസ്പെന്റ് ചെയ്തുകൊണ്ട് പ്രസ്തുത സ്ഥാപനത്തെ അഴിമതി മുക്തമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): C-APT-മായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ സെക്രട്ടേറിയറ്റ് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

### (11) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക

ശ്രീ. കെ. ശിവദാസൻ നായർ: കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേയ്ക്ക് പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പത്തനംതിട്ട ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ത് 225 ആണെങ്കിലും

226 പേരെ നിയമിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച രണ്ട് സെക്ഷനുകളിലെ 12 ഒഴിവുകളിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ നിയമനം നടത്തുന്നതാണ്.

(12) വനാവകാശ നിയമം

ശ്രീ. എ. കെ. ശശീന്ദ്രൻ: വനാവകാശ നിയമത്തിന്റെ കാതലായ സാമൂഹിക വനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 01-01-2008 മുതൽ സാമൂഹിക വനാവകാശ നിയമം നടപ്പിലാക്കേണ്ടതാണ്. ഊരുകൂട്ടങ്ങളടങ്ങുന്ന വനാവകാശ കമ്മിറ്റി, സബ് ഡിവിഷൻ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയാണ് ഇക്കാര്യങ്ങൾ പരിശോധിക്കുന്നത്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല കമ്മിറ്റിയാണ് ടൈറ്റിൽ കൊടുക്കാൻ അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നത്. ജില്ലാതല കമ്മിറ്റി അംഗീകരിച്ച 327 അപേക്ഷകളിൽ 146 എണ്ണത്തിന് ടൈറ്റിൽ നൽകിയിട്ടുണ്ട്. ഊരു വികസന ആവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനംവകുപ്പിന് ലഭിച്ചിട്ടുള്ള 471 അപേക്ഷകളിൽ സാമൂഹിക അവകാശങ്ങൾക്കായി 213 ഏക്കർ വനഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. 2015 ഒക്ടോബർ വരെ വ്യക്തിഗത അവകാശത്തിന്

ലഭിച്ച 35,206 അപേക്ഷകളിൽ 24,898 അപേക്ഷകൾക്ക് ടൈറ്റിൽ കൊടുത്തുകഴിഞ്ഞു. തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്ന അപേക്ഷകളിൽ എത്രയുംവേഗം നടപടി സ്വീകരിക്കുന്നതാണ്.

(13) നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: മണൽ ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാത്തതുമൂലം നിർമ്മാണ മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് സംസ്ഥാനത്തെ 44 നദികളിൽ പതിനാല് നദികളുടെ മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ആറ് നദികളുടെ മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 24 നദികളിൽക്കൂടി ഓഡിറ്റിംഗ് പൂർത്തിയാക്കി മണൽ ലഭ്യത ഉറപ്പുവരുത്തിയശേഷം മണൽ ഖനനത്തിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. നദികളിൽ നിന്നും ആവശ്യമായ മണൽ ലഭിക്കാത്ത

സാഹചര്യം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണൽ ലഭ്യമായ നദികളിൽ പാരിസ്ഥിതിക അനുമതിക്ക് വിധേയമായി ഖനനത്തിന് അനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും മണൽ ലഭ്യമല്ലെന്ന് കണ്ടെത്തിയ നദികളിൽ മണൽവാരൽ നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(14) വൈദ്യുതി ശ്മശാനം

ശ്രീ. പി. സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി നഗരസഭയുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. എല്ലാ നഗരസഭകളിലും പൊതുശ്മശാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ വാതക ശ്മശാനങ്ങൾക്കായി നടപ്പ് സാമ്പത്തികവർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ചെങ്ങന്നൂർ നഗരസഭയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(15) കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: കാസർഗോഡ് ജില്ലയിൽ പുതുതായി രൂപീകരിച്ച താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): കാസർഗോഡ് ജില്ലയിൽ പുതുതായി നിലവിൽ വന്ന രണ്ട് താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. താൽക്കാലിക ചെക്ക് പോസ്റ്റുകളായ ആവൂർ, പെർള എന്നിവയെ സ്ഥിരം ചെക്ക്പോസ്റ്റുകളാക്കുന്ന കാര്യം ഈ സാമ്പത്തിക വർഷം തന്നെ പരിഗണിക്കുന്നതാണ്. അതിർത്തി കടന്നുള്ള മദ്യക്കടത്ത് തടയുന്നതിനായി സ്ഥിരം ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(16) <u>വടകര നാഷണൽ ഹൈവേയിലെ അപകട സാധ്യത</u>

<u>ശ്രീ. സി. കെ. നാണു</u>: വടകര നിയോജകമണ്ഡലത്തിലെ മടപ്പള്ളി ഗവൺമെന്റ് കോളേജിന് സമീപമുള്ള നാഷണൽ ഹൈവേയിലെ അപകട സാധ്യത

കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയപാത 17-ൽ കണ്ണൂർ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കാനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. സ്ഥലമെടുപ്പിന്റെ കാലതാമസം നിമിത്തം കേന്ദ്ര സർക്കാർ ഈ പദ്ധതിയിൽ നിന്നും പിൻമാറിയെങ്കിലും സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം പദ്ധതി പുനരാരംഭിക്കാൻ കേന്ദ്രം തയ്യാറാകുകയും ഇതിനായി പുതിയ ഡി.പി.ആർ. തയ്യാറാക്കാൻ ദേശീയപാത അതോറിറ്റി ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. മടപ്പള്ളി ഗവൺമെന്റ് കോളേജിന് സമീപമുള്ള ദേശീയ പാതയിൽ മണ്ണിട്ട് ഉയർത്തിയാണ് 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചിരിക്കുന്നത്. വളവിൽ അമിത വേഗതയിൽ വരുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടാറുണ്ട്. താൽക്കാലിക സംവിധാനമെന്ന നിലയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ജാഗ്രതാ നിർദ്ദേശം സൂചിപ്പിക്കുന്ന സൈൻ ബോർഡുകളും ഗാർഡ് സ്റ്റോണുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(17) അങ്കമാലിയിലെ ഗതാഗതക്കുരുക്ക്

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി നിയോജകമണ്ഡലത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി അങ്കമാലി ബൈപ്പാസും കാലടി

ശ്രീശങ്കരാചാര്യ സമാന്തര പാലവും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ശ്രീശങ്കരാചാര്യ സമാന്തര പാലം നിർമ്മിക്കാൻ 2012-ൽ 42 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും അലൈൻമെന്റ് സംബന്ധിച്ച തർക്കം നിലനിന്നിരുന്നതിനാൽ പണിയാരംഭിക്കാൻ സാധിച്ചില്ല. പാലത്തിന് ഇരുവശവുമുള്ള സ്ഥലമേറ്റെടുത്ത് നൽകുന്നതിന് എം.എൽ.എ.മാർ തയ്യാറായാലുടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. കിറ്റ്കോയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അങ്കമാലി ബൈപ്പാസ് പി.പി.പി. മോഡലിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(18) കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിന് പ്രത്യേക സ്കീം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിന് പ്രത്യേക സ്കീം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കണ്ണൂർ ബൈപ്പാസും തലശ്ശേരി-മാഹി ബൈപ്പാസും ഉൾപ്പെടുന്ന കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിനെ നാലുവരിപ്പാതയാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(19) താനൂരിലെ ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജകമണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഡിസൈൻ പൂർത്തിയാകുന്നമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(20) പാണത്തൂർ റോഡിന്റെ നവീകരണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഹോസ്ദുർഗ് പാണത്തൂർ അന്തർ സംസ്ഥാന പാതയിൽ പാണത്തൂർ വഴി കർണാടകയിലേയ്ക്ക് പോകുന്ന 29 കി. മീ. റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും മെക്കാഡം ടാർ ചെയ്ത് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഹോസ്ദുർഗ്

പാണത്തൂർ അന്തർ സംസ്ഥാന പാതയിൽ പാണത്തൂർ വഴി കർണാടകയിലേയ്ക്ക് പോകുന്ന 29 കി. മീ. റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് 45 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയോടെ ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതാണ്.

(21) കടുത്തുരുത്തി ആശുപത്രി കെട്ടിട നിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കുറവിലങ്ങാട് താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കുന്നതിന് സാധിച്ചിട്ടില്ല. ഇവിടെ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുകയും നാല് മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കടുത്തുരുത്തി, കുറുപ്പന്തറ പ്രൈമറി ഹെൽത്ത്

സെന്ററുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചശേഷം 24 x7 പ്രൈമറി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(22) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. രാജു എബ്രഹാം: ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്നും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കണമെന്നുമാവശ്യപ്പെട്ട് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് വീണ്ടും ഈ ആവശ്യം ഉന്നയിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

<u>നിലവിലുള്ള ചട്ടങ്ങളിലെ ഭേദഗതി</u>

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ

എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവിൽ കെട്ടിടനിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് സർക്കാർ വ്യക്തമാക്കണം. റൂളിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്താനുള്ള അധികാരം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കെ അതിന് വിരുദ്ധമായാണ് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്. നാഷണൽ ബിൽഡിംഗ് കോഡിന്റെ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് പാലിക്കണമെന്ന് ഹൈക്കോടതി വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ എന്ത് ഇളവാണ് ഇതിലൂടെ അനുവദിച്ചതെന്ന് അറിയിക്കാനും ഈ ഉത്തരവിന് അനുബന്ധമായ രേഖകൾ മേശപ്പുറത്ത് വയ്ക്കാനും തയ്യാറാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുമ്പോൾ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിന്റെ ചട്ടം 44 പാലിക്കണം എന്ന വ്യവസ്ഥയ്ക്ക് ഒരു ഇളവും അനുവദിച്ചിട്ടില്ല. എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

പരിഷ്കരിക്കുന്നു എന്ന ഉത്തരവിലെ വാചകങ്ങളാണ് ആശയക്കുഴപ്പമുണ്ടാക്കിയതെന്ന് കരുതുന്നു. നിലവിലുള്ള നിയമത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്ന കാര്യം വ്യക്തമാക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള എന്തെങ്കിലും പരാമർശം നടത്തിയതായി കാണുന്നില്ല. ചട്ടങ്ങൾ പരിഷ്കരിക്കാനുള്ള അധികാരം സബ്ജക്ട് കമ്മിറ്റിക്കാണെന്ന വാദം ശരിയല്ല. അത് സർക്കാരിൽ നിക്ഷിപ്തമായ അധികാരമാണ്. അപ്രകാരം ഇറക്കുന്ന ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയയ്ക്കണമെന്നേയുള്ളൂ. നിലവിലുള്ള ചട്ടങ്ങളിൽ ഒരു ഭേദഗതിയും വരുത്തിയിട്ടില്ല എന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കായികരംഗത്തുള്ളവർക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കുകയാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത കായികതാരങ്ങളെ ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ വോട്ടവകാശമുള്ള അംഗങ്ങളാക്കി മാറ്റുന്നതിനും സംസ്ഥാന/ജില്ലാ അടിസ്ഥാനത്തിൽ തർക്ക പരിഹാര സമിതികളുണ്ടാക്കുന്നതിനും സ്പോർട്സ് വികസന സമിതി രൂപീകരിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാവപ്പെട്ട മുൻ കായിക താരങ്ങളുടെ ചികിത്സയ്ക്കും നിർദ്ധനരായ കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി സ്പോർട്സ് വികസന നിധി രൂപീകരിക്കുന്നതാണ്. അംഗങ്ങളുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ഈ ബിൽ കുറ്റമറ്റതാക്കുന്നതിന് ശ്രമിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കി നോമിനേഷൻ സമ്പ്രദായം

ഏർപ്പെടുത്താനുള്ള നിർദ്ദേശം കൗൺസിലുകളിലെ ജനാധിപത്യ സ്വഭാവത്തെ നശിപ്പിക്കുന്നതാണ്. ചർച്ചയും ആശയവിനിമയവും നടത്താതെ ഏകപക്ഷീയമായാണ് ഇത്തരത്തിലൊരു ഭേദഗതി ബിൽ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കാലാവധി അവസാനിച്ച ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിലുകളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കണം. സ്പോർട്സ് വികസന നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കണം. സ്പോർട്സ് കൗൺസിലുകളുടെ സ്വയംഭരണാധികാരത്തെ കവർന്നെടുക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലിലെ വ്യവസ്ഥകൾ അംഗീകരിക്കാൻ കഴിയുന്നതല്ല.

<u>ശ്രീ. റ്റി.വി. രാജേഷ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലുകളെ ഒഴിവാക്കി സർക്കാരിന് താൽപര്യമുള്ളവരെ സ്പോർട്സ് കൗൺസിലിന്റെ തലപ്പത്ത് കൊണ്ടുവരികയെന്നുള്ള ദുരുദ്ദേശമാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ബില്ലിൽ വിഭാവന ചെയ്തിട്ടുള്ള സ്പോർട്സ് വികസന നിധിയെ സംബന്ധിച്ചും സ്പോർട്സ് കൗൺസിലിന് ചെയർമാന്റെയും പ്രസിഡന്റിന്റെയും ആവശ്യമുണ്ടോ എന്നതു സംബന്ധിച്ചും വ്യക്തമാക്കണം. സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന

താരങ്ങളുടെ കഴിവുകൾ വളർത്തിക്കൊണ്ടുവരുന്നതിനും കായിക മേളകളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ഹയർസെക്കണ്ടറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കുട്ടികൾക്ക് പരിശീലനം നട<u>ത്തു</u>ന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടു<u>ത്തു</u>ന്നതോടൊപ്പം വകുപ്പുമന്ത്രി പ്രസ്തുത കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും തയ്യാറാകണം. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നിർദ്ധന കുടുംബത്തിലെ കായികതാരങ്ങൾക്ക് ധനസഹായം നൽകുന്നതിനും സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്ന നടപടിയാണ് ഇത്തരമൊരു നിയമനിർമ്മാണത്തിലൂടെ സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒളിമ്പ്യൻ അഞ്ജു ബോബി ജോർജിനെ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തതും പ്രാഗത്ഭ്യം തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയതും സ്വാഗതാർഹമാണ്. കായികതാരങ്ങൾക്ക്

പരിശീലനം നൽകുന്ന അക്കാഡമികളുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാന സ്പോർട്സ് വികസന നിധി രൂപീകരിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു.

ശ്രീ. വി. ശിവൻകുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്തിയ സർക്കാരിന്റെ നടപടി നിയമവിരുദ്ധവും കോടതിയലക്ഷ്യവുമാണ്. ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലുകൾ വ്യക്തമാക്കണം. ജില്ലാ സ്പോർട്സ് കൗൺസിൽ പുന:സംഘടിപ്പിക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം. സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങളെ ചട്ടവിരുദ്ധമായാണ് നിയമിച്ചിരിക്കുന്നത്. കേരള സ്പോർട്സ് ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് കൗൺസിൽ അംഗങ്ങളെ ഒഴിവാക്കി പകരം സർക്കാർ നോമിനേറ്റ് ചെയ്യണമെന്ന് പറയുന്നത് ജനാധിപത്യവിരുദ്ധമാണ്. ഇതിൽ തദ്ദേശ സ്ഥാപനങ്ങളിൽനിന്നുള്ള

പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം. ഒളിമ്പിക്സിനും മറ്റ് മത്സരങ്ങൾക്കും തയ്യാറെടുക്കുന്നതിന് കായികതാരങ്ങൾക്ക് ധനസഹായവും അവശരായ കായിക താരങ്ങൾക്ക് പെൻഷനും അർഹരായവർക്ക് ജോലിയും നൽകണം. സ്പോർട്സ് അസോസിയേഷനുകളെ പുന:സംഘടിപ്പിക്കണം. കായിക രംഗത്തെ പ്രതിലോമകരമായി ബാധിക്കുന്ന തരത്തിൽ ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവ് പിൻവലിക്കണം. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഇപ്രകാരം ഒരു ഉത്തരവിറക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. അത് സംബന്ധിച്ച് റൂളിംഗ് നൽകണം.

## റൂളിംഗ്

മി. സ്പീക്കർ: സഭ സമ്മേളിക്കുമ്പോൾ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലില്ല. നയപരമായ തീരുമാനങ്ങൾ പുറത്തുപറയാൻ പാടില്ല, സഭയിൽ പറയണമെന്നുണ്ട്. ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട ക്രമപ്രശ്നത്തിന് ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. വീണ്ടും ആ റൂളിംഗിനെ അങ്ങ് ചോദ്യം ചെയ്യുകയുണ്ടായി. നിയമസഭയാണ് നിയമനിർമ്മാണത്തിന്റെ സുപ്രീം അതോറിറ്റി. ഒരു കോടതിയും ഇതിൽ ഇടപെടാറില്ല. നിയമം നിർമ്മിച്ചതിനുശേഷം അതിൽ തെറ്റുണ്ടെങ്കിൽ കോടതിക്ക് ഇടപെടാം. ബിൽ

അവതരിപ്പിക്കുന്നതിലും പാസ്സാക്കുന്നതിലും ഒരു തെറ്റുമില്ല എന്ന് ചെയർ നൽകിയ റൂളിംഗ് നൂറ് ശതമാനവും ശരിയാണെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കായിക താരങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ് ഇത്തരമൊരു നിയമം കൊണ്ടുവരണമെന്ന് അഭിപ്രായപ്പെട്ടത്. കായിക രംഗത്ത് ഇന്ത്യയുടെ തന്നെ അഭിമാനമായ അഞ്ജു ബോബി ജോർജിനെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായി നിയമിച്ചുകൊണ്ട് കമ്മിറ്റി റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ഈ ബില്ലുമായി ബന്ധപ്പെട്ട് അസോസിയേഷനിലെ അംഗങ്ങൾക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നത് ശരിയായ പ്രവണതയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 445 കായിക താരങ്ങൾക്ക് ജോലി നൽകുകയും ദേശീയ ഗെയിംസിൽ മെഡൽ ജേതാക്കളായ 74 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കായിക താരങ്ങൾക്ക് കാഷ് അവാർഡ് ഇനത്തിൽ പതിനാറര കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നാഷണൽ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് 7 ജില്ലകളിലെ സ്പോർട്സ് കൗൺസിൽ ഭാരവാഹികളുടെ ഒഴിവ് നികത്തുന്നതിന് തടസ്സം നിൽക്കുന്ന നിലപാട് ശരിയല്ല. കായികതാരങ്ങളുടെ യാത്രാച്ചെലവ്, ചികിത്സ, വിദഗ്ദ്ധ പരിശീലനം തുടങ്ങിയ

ആവശ്യങ്ങൾക്കായി വിവിധ മേഖലകളിൽപ്പെട്ടവരുടെ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് അത് നീതിപൂർവ്വം വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുമുണ്ട്. സ്പോർട്സ് ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയം ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. വിദ്യാഭ്യാസവും സ്പോർട്സും വകുപ്പുകൾ സംയുക്തമായി ചർച്ച നടത്തി ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി പുതിയൊരു സംവിധാനം രൂപീകരിക്കാനും അതിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാനും തത്വത്തിൽ ധാരണയായിട്ടുണ്ട്. ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് 43 ലക്ഷം രൂപയുടെ എ.എസ്. കൊടുത്തുകൊണ്ടുള്ള ഉത്തരവ് ഒപ്പിട്ടുകഴിഞ്ഞു. മേഴ്സികുട്ടൻ അക്കാഡമിക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതോടൊപ്പം സ്പോർട്സിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന സ്കൂളുകൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ സ്കൂളുകളിലെ കുട്ടികളെ കായികമേളകളിൽ പങ്കെടുപ്പിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനായി സ്പോർട്സ് സഹായ നിധി രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. നാഷണൽ സ്കൂൾ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ കായികതാരത്തിന് വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ

വകുപ്പുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. നാരായണക്കുറുപ്പിന്റെ നാമധേയത്തിലുള്ള സ്കൂൾ ഉൾപ്പെടെ സ്പോർട്സ്സുമായി ബന്ധപ്പെട്ട എല്ലാ സ്കൂളുകൾക്കും സ്പോർട്സ് വകുപ്പ് എല്ലാവിധ സഹായസഹകരണങ്ങളും നൽകുമെന്ന് ഉറപ്പുനൽകുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

114, 118, 119, 120, 122, 125, 126, 127, 128, 129, 130, 131, 132, 135, 136, 139, 140, 141, 142, 143, 144, 145, 146, 147, 148, 150, 151, 152, 153, 154, 155, 157, 158, 159, 160, 161, 162, 163, 164, 169, 170, 174, 176, 177, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

127. ഖണ്ഡം 2(ഡി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

2(vii എ)-യിൽ, “ രൂപീകരിച്ച ” എന്ന വാക്കിനുപകരം “ രൂപീകരിച്ച ” എന്ന വാക്ക് ചേർക്കുക.

132. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ, “ അഞ്ച് ” എന്ന വാക്കിനു മുൻപ് “ ആകെയുള്ള ഭൂമിയുടെ ” എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-യിൽ, “ സ്പോർട്സും യുവജനകാര്യവും” എന്നീ വാക്കുകൾക്കുപകരം “ കായിക യുവജനകാര്യവും ” എന്നീ വാക്കുകൾ ചേർക്കുക.

174. ഖണ്ഡം 2(ഐ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xviii)-ൽ “ കാഴ്ചക്കാർക്കായി നിരനിരയായ ഇരിപ്പിടത്തോടുകൂടി ” എന്നീ വാക്കുകൾക്കുപകരം “ കാഴ്ചക്കാർക്കായുള്ള ഗാലറിയോടുകൂടിയ ” എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

113. (ജി) ഉപവകുപ്പിൽ (xvi)-ാം ഖണ്ഡത്തിൽ “ ആക്ട് ” എന്ന വാക്ക് വരുന്ന നാല് സ്ഥലങ്ങളിലും, പകരം “ ആക്റ്റ് ” എന്ന വാക്ക് ചേർക്കേണ്ടതാണ്.

മറ്റ് ഭേദഗതികൾ നിരാകരിക്കുയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

മന്ത്രി സ്വീകരിച്ച ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

181, 183, 184, 187, 188, 189, 191, 195, 196, 198, 200, 201, 203, 208, 209, 210, 211, 214, 215, 216, 217, 218, 220, 221, 222, 223, 224, 225, 228, 229, 230, 231, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

181. (എ) ഉപവകുപ്പിൽ,-

(1) (i)-ാം ഇനത്തിൽ "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിനുപകരം "വിട്ടുകളയേണ്ടതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) (ii)-ാം ഇനത്തിൽ, (കെ) ഖണ്ഡത്തിൽ "ജേർണലിസ്റ്റുകളിൽ" എന്ന വാക്കിനുപകരം "ജേർണലിസ്റ്റുമാരിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) (സി) ഉപവകുപ്പിൽ "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിനുപകരം

" വിട്ടുകളയേണ്ടതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

200. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ ഇനം(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

(ബി) " നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്"

209. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം(ഐ)-ൽ, " അന്തർദേശീയ" എന്നതിന് പകരം "ദേശീയ അന്തർദേശീയ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി 31-നെതിരെ 41 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

236, 238, 240, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

243. (എ) ഉപവകുപ്പിൽ, (സിഎ) ഖണ്ഡത്തിൽ "ഉടമസ്ഥാവകാശം" എന്ന വാക്കിനുപകരം "അവയുടെ നടത്തിപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

244, 245, 246, 247, 248, 249, 250, 251, 252, 253, 254, 256, 257, 259, 260, 263 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

264. 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ താഴെയുള്ള കുറിപ്പിൽ "മൂന്നിൽ രണ്ടും" എന്നീ വാക്കുകൾക്കുപകരം "മൂന്നിൽ ഒന്നും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

281. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (എഫ്)-ൽ, “ (എ) ഇനത്തിൽ" എന്നതിനുപകരം "അംഗങ്ങളിൽ" എന്നത് ചേർക്കുക.

267, 269, 270, 272, 273, 275, 278, 279, 283, 285, 286, 287, 288, 292, 293, 294, 296, 299, 300, 302, 304, 306 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

270. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (സി)-യിൽ, "സ്പോർട്സ് വകുപ്പ്" എന്നതിനുപകരം "കായികവും യുവജനകാര്യവും വകുപ്പ്" എന്നത് ചേർക്കുക.

278. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(ഇ)-യിൽ, "കായികവും യുവജനകാര്യവും" എന്നതിനുപകരം "കായിക" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

307. (1) (i)-ാം ഇനത്തിൽ "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിനുപകരം

"വിട്ടുകളയേണ്ടതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) (ii)-ാം ഇനത്തിലെ ആദ്യവാചകത്തിന് കീഴിൽ " (എ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-" എന്നീ വാക്കുകളും അക്ഷരവും ബ്രാക്കറ്റും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

308, 309, 315, 316, 318, 319, 320, 322, 323, 325, 326, 327, 328, 329, 330, 331, 332, 334, 335, 340, 341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

326. ഖണ്ഡം 7 (ബി)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)(ബി)(ii)-യിൽ, "ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും" എന്നീ വാക്കുകൾക്ക് ശേഷം "ഒരു പുരുഷ കായികതാരവും, ഒരു വനിതാ കായികതാരവും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

345, 346, 348, 349, 350, 351, 352 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

355-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

358, 360, 361 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

363, 365, 368, 369, 372, 374 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

375. 30-ാം വകുപ്പിന്റെ (6), (7), (8) എന്നീ ഉപവകുപ്പുകൾ യഥാക്രമം അതിന്റെ (7), (8), (9) ഉപവകുപ്പുകളായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (7)-ാം ഉപവകുപ്പിന് മുമ്പായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:-

" (6) ഈ വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള തർക്കങ്ങൾ

പരിഹരിക്കുന്നതിന്, അതത് സംഗതിപോലെ, സംസ്ഥാന തർക്ക പരിഹാരസമിതിക്ക് അഥവാ ജില്ലാതല തർക്കപരിഹാര സമിതികൾക്ക്, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും പ്രസ്തുത സമിതികളുടെ ഉത്തരവുകൾക്ക് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആയത് അധികാരിതയുള്ള സിവിൽ കോടതി മുഖേന നടപ്പാക്കാവുന്നതുമാണ്."

377, 379, 380, 383, 387, 388, 389, 390, 391, 392, 393, 394, 395, 398, 399, 400, 401, 402, 403, 404, 405, 406, 407, 408, 409, 410, 413, 415, 418, 419, 420 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

425, 426, 429, 431, 432, 433, 434, 435, 436, 437, 439, 440, 442, 444, 445, 446, 448, 449, 450, 451, 454, 455, 456, 458, 462, 463, 465, 466, 467, 469, 470, 471, 472, 473, 475, 476, 480, 481, 482, 483, 485, 486, 487, 488, 489, 490, 491, 493 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

470. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xiii)-ൽ, "വാർഷിക റിപ്പോർട്ട്" എന്നീ വാക്കുകൾക്ക് ശേഷം "സംഘടനയുടെ വെബ്സൈറ്റിൽ ഉൾപ്പെടെ" എന്നീ വാക്കുകൾ ചേർക്കുക.

475. ഖണ്ഡം 13 (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിൽ,

(i) ഇനം (xv)-ലെ "രേഖകളുടെയും കണക്കുകളുടെയും സോഫ്റ്റ് കോപ്പികൾ" എന്നത് "രേഖകളും കണക്കുകളും സോഫ്റ്റ് കോപ്പി ഉൾപ്പെടെ" എന്ന് മാറ്റുക.

(iii) ഇനം (xvii)-ലെ "അതിപ്രശസ്തരായ" എന്നത് ഒഴിവാക്കുക.

486. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിലെ

(i) ഇനം (xix)-ലെ "ഇലക്ട്രോണിക് ഫോർമാറ്റിൽ" എന്ന വാക്കുകൾക്ക് പകരം "ഇലക്ട്രോണിക് ഫോർമാറ്റിലും" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>14-ാം വകുപ്പ്</u>

494, 495, 496, 499, 500, 501, 502, 503, 504, 506, 507, 508, 509, 510, 511, 512 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി പിൻവലിക്കണമെന്ന പ്രശ്നം 34-നെതിരെ 46 വോട്ടുകളോടെ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

514-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

518, 519, 520, 523, 525, 526, 527, 528, 529, 531, 532, 534, 536, 537, 538, 539, 540, 542, 543 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

520. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ (3)(i)-ൽ, "ദേശീയ അന്തർദേശീയ" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാന-ദേശീയ അന്തർദേശീയ" എന്നീ വാക്കുകൾ ചേർക്കുക.

525. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ (3)(vi)-ൽ "പ്രശസ്ത" എന്ന വാക്ക് നീക്കം ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17 എ വകുപ്പ്

546, 547, 548, 549 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

17 എ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17 എ വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

550-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

553, 554 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

555-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

556-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

556. ഖണ്ഡം 21(2)-ലെ "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്നതിനുശേഷം "നടപടികളോ" എന്നും ചേർക്കുക.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

107, 108, 110, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയത്തെ

പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ കുറ്റമറ്റതാക്കുന്നതിനുള്ള നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സ്പോർട്സ് രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനും കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: കേരളത്തിലെ കായികരംഗത്തുണ്ടായിരുന്ന ജനാധിപത്യ സമിതികളെ തകർത്ത് നോമിനേഷൻ സമിതികളെ രൂപപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ ബില്ലിന്റെ പിന്നിലുള്ളത്. ഇത് നിയമനിർമ്മാണ ചരിത്രത്തിലെ ഒരു കറുത്ത ഏടാണ്. ജനാധിപത്യപ്രക്രിയയുടെ തകിടംമറിക്കലിന് വഴിവയ്ക്കുന്ന ഈ ബിൽ പാസ്സാക്കുന്നതിനെ ശക്തമായി എതിർക്കുന്നു.

2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 34-നെതിരെ 53 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിന് 2009 മുതൽ പ്രാബല്യം നൽകുന്നത് കൂടുതൽ പ്രവാസികൾക്ക് പ്രയോജനം ചെയ്യും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 62 വയസ്സാക്കുന്നതിനും പ്രവാസിക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം 10 ശതമാനമാക്കി വർദ്ധിപ്പിക്കുകയും കോർപ്പസ് ഫണ്ട് ശക്തിപ്പെടുത്തുകയും വേണം. വിദേശത്തേയ്ക്ക് ജോലിക്ക് പോകുന്നവർക്ക് പാസ്പോർട്ട് ലഭ്യമാക്കുന്നതിലും

നിലവിലുള്ള പാസ്പോർട്ട് പുതുക്കി നൽകുന്നതിലുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിയുണ്ടാകണം. ഈ രംഗത്തുള്ള തൊഴിൽത്തട്ടിപ്പും സ്പോൺസർമാരുടെ ചൂഷണവും അവസാനിപ്പിക്കാൻ പ്രവാസി വകുപ്പ് മുൻകയ്യെടുക്കണം. ഗൾഫ് നാടുകളിൽ ജയിലിൽ കഴിയുന്നവരെ മോചിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കണം. എയർപോർട്ടുകളിൽ പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും പ്രവാസി വകുപ്പിന്റെ കീഴിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുകയും വേണം. ഗൾഫ് മലയാളികളുടെ സേവനത്തിനായി നോർക്ക വകുപ്പിനുകീഴിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തണം. തിരക്കുള്ള സമയങ്ങളിൽ ബഡ്ജറ്റ് സർവ്വീസ് നടത്തുന്നതിന് എയർ ഇന്ത്യയോട് ആവശ്യപ്പെടണം. കാസർഗോഡ് ജില്ലയിൽ ഒരു പാസ്പോർട്ട് സേവാ കേന്ദ്രവും നോർക്കാ സെല്ലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഗൾഫ് മലയാളികളുടെ ആവശ്യത്തിനായി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. 'കാരുണ്യം പദ്ധതി' പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നതിനും ഗൾഫിൽ നിന്ന് മൃതദേഹത്തെ അനുഗമിക്കുന്ന ഒരാളുടെ

ചെലവുകൂടി  വഹിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. റ്റി. എ. റഹീം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോഴിക്കോട് എയർപോർട്ടിലെത്തുന്ന പ്രവാസികളോടുള്ള ഉദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഗൾഫിൽ നിന്നും മൃതദേഹം നാട്ടിലെത്തിക്കുന്നതിന് അമിത ചാർജ്ജ് ഈടാക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം. പീക്ക് ടൈമിലുള്ള വിമാനച്ചാർജ്ജ് വർദ്ധന ഒഴിവാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രവാസി കേരളീയരുടെ ക്ഷേമനിധിയിലെ അംഗത്വത്തിനുള്ള പരമാവധി പ്രായം ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി 60 വയസ്സാകും. പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി സംഘടനകൾ നൽകുന്ന സംഭാവന ശ്ലാഘനീയമാണ്. വിമാനത്താവളങ്ങളിൽ ഹെൽപ്പ് ഡെസക്, സിംഗിൾ വിന്റോ സിസ്റ്റം എന്നിവ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ വ്യോമയാന നിയമം വരുമ്പോൾ സീസൺ സമയത്തുണ്ടാകുന്ന വിമാന

ടിക്കറ്റിന്റെ ചർജ്ജ് വർദ്ധനവ് നിയന്ത്രണ വിധേയമാക്കുന്നതിനും എയർ കേരള എക്സ്പ്രസ് യാഥാർത്ഥ്യമാക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കാസർഗോഡ്. വയനാട്, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നോർക്കയുടെ ഓഫീസ് ആരംഭിക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തുപ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

114, 115, 123, 125, 129, 130, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

132, 134, 140, 144, 146, 150, 154, 155, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു

155- ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(8) താഴെ പറയും പ്രകാരം മാറ്റുക.

“ (8) ഒരംഗത്തിന്റെ അംഗത്വ കാലയളവ് ക്ഷേമപദ്ധതിയിൽ ഒരംഗമായി ചേരുന്ന തീയതി മുതൽ അറുപത് വയസുവരെയോ പെൻഷന് അർഹതനേടുന്ന തീയതി വരെയോ ഏതാണ് രണ്ടാമതു വരുന്നത് അതുവരെയായിരിക്കും"

157- ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(8)-ൽ " ഒരംഗമായി" എന്ന വാക്കിനു പകരം "അംഗമായി" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

173, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

107, 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിലവിലുള്ള നിയമത്തിലെ ഒരു അപാകത തിരുത്തുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മകൻ മരണപ്പെട്ടാൽ മകന്റെ സ്വത്തുക്കളുടെ അവകാശം അമ്മയ്ക്ക് ലഭിക്കുകയും അമ്മയുടെ കാലശേഷം ആ സ്വത്തുക്കൾ മരണപ്പെട്ട മകന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രമായി ലഭിക്കണമെന്നതാണ് ഉദ്ദേശിക്കുന്നത്. ഇത് ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിലുള്ള നിയമത്തിൽ വരുത്തുന്ന ഭേദഗതി സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുമോയെന്നത് ചിന്തിക്കേണ്ട വിഷയമാണ്. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ടുവന്നിരിക്കുന്ന ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ നിയമസാധുത ഉണ്ടാകുകയുള്ളൂ. മരണപ്പെട്ട വ്യക്തിക്ക് സംസ്ഥാനത്തിന് പുറത്ത് സ്വത്തുക്കളുണ്ടെങ്കിൽ അതിന്മേൽ അവകാശം ലഭിക്കുന്നതിന് ഈ

നിയമത്തിലെ വ്യവസ്ഥകൾ അപര്യാപ്തമാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ടുവന്നിരിക്കുന്ന ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷ മാത്രമാണുള്ളത്. മരണപ്പെട്ട ആളിന്റെ സംസ്ഥാനത്തിന് പുറത്തുള്ള വസ്തുക്കളിന്മേൽ അവകാശം നൽകുന്നതിന് വ്യവസ്ഥ ചെയ്യാത്ത ബില്ലിന്റെ അവതരണത്തിലുള്ള സാംഗത്യം സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്.

ഭേദഗതി നിരാകരിക്കപ്പെട്ടു.

മുഖ്യമന്ത്രി(<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): മരണാനന്തരം മകന്റെ സ്വത്തിന് അമ്മയ്ക്ക് പൂർണ്ണ അധികാരമാണുള്ളത്. എന്നാൽ വിൽപ്പത്രം എഴുതാതെ അമ്മ മരണപ്പെട്ടാൽ ആ സ്വത്തിന് എല്ലാ മക്കളും അവകാശികളാകും. അത് ഒഴിവാക്കിക്കൊണ്ട് മരിച്ച മകന്റെ അവകാശികൾക്ക് മാത്രം സ്വത്ത് ലഭിക്കുന്ന രീതിയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മരിച്ച മകന് മറ്റ് സംസ്ഥാനങ്ങളിൽ സ്വത്ത് ഉണ്ടെങ്കിൽ അതിന്റെ അവകാശത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടില്ല. കേരള

സംസ്ഥാനത്തിനകത്തുള്ള സ്വത്തിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

114, 118, 119, 121, 123, 125, 126, 127, 128, 130, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106, 107, 108, 109, 110, 111, 112, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015 -ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി)ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

2015 -ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.03 ന് പിരിഞ്ഞു.

************